No: 1029/MCA/2013/TA.2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## സർക്കാർ, എയ്ഡഡ്,സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എം.സി.എ. കോഴ്സ് 2013 - 14 പ്രവേശനം അന്തിമ ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഷെഡ്യൂൾ

കേരളത്തിലെ സർക്കാർ, എയ്ഡഡ്, സർക്കാർനിയന്ത്രിത /സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2013 - 14 വർഷത്തെ എം.സി.എ. കോഴ്സിലേയ്ക്കുള്ള അന്തിമ ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **02.12.2012 (തിങ്കളാഴ്ച്ച)** നടത്തുന്നതാണ്.

എം.സി.എ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് 2013 നവംബർ 29-ാം തീയതി മുതൽ നവംബർ 30-ാം തീയതി വൈകുന്നേരം 4 മണി വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ നിലവിലുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാവുന്നതുമാണ്.

**വിശദമായ അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 29.11.2013 | വെബ്സൈറ്റിൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം സജ്ജമാകുന്നു |
| 30.11.2013 വൈകുന്നേരം 4 മണി | വെബ്സൈറ്റിൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം അവസാനിക്കുന്നു |
| **02.12.2013**, വൈകുന്നേരം 5 മണി | **അന്തിമ ഘട്ട അലോട്ട്മെന്റ്** |
| 03.12.2013 മുതൽ 05.12.2013 വരെ | പുതിയതായി അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിൽ ഫീസ്/തുക ഒടുക്കണം |
| 03.12.2013 മുതൽ 05.12.2013 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി പ്രവേശനം നേടണം |
| 05.12.2013, വൈകുന്നേരം 5.30 മണി | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

പുതിയതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ മുകളിൽ സൂചിപ്പിച്ച തീയതികളിൽതന്നെ ഫീസൊടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം.(എം.എസ്.) 25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ **100/- രൂപ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

**ഫീസ്:**

എം.സി.എ. കോഴ്സിന് സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്കും, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾക്കും വാർഷിക ട്യൂഷൻ ഫീസ് 7,000/- രൂപയാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ ുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് 38,500/- രൂപയാണ്. മൂവാറ്റുപുഴ ക്രൈസ്റ്റ് നോളഡ്ജ് സിറ്റി ഒഴികെയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റുകൾക്ക് ട്യൂഷൻ ഫീസ് 50,000/- രൂപയാണ്. മൂവാറ്റുപുഴ ക്രൈസ്റ്റ് നോളഡ്ജ് സിറ്റിയിലെ മെരിറ്റ് സീറ്റിനുള്ള ട്യൂഷൻ ഫീസ് 7,000/- രൂപയാണ്.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ :**

1. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
2. ബാങ്കിൽ ഫീസ് അടച്ചതിന്റെ രസീത്.
3. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
4. എസ്.എസ്.എൽ.സി. / ജനന തീയതി തെളിയിക്കുന്നതിനുള്ള മറ്റ് സ്കൂൾ രേഖകൾ.
5. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും, പാസ്സ് സർട്ടിഫിക്കറ്റും.
6. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വാഭാവ സർട്ടിഫിക്കറ്റും.
7. സമീപ കാലത്ത് എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നോ, ബോർഡുകളിൽ നിന്നോ യോഗ്യതാപരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ നൽകുന്ന "എലിജിബിലിറ്റി സർട്ടിഫിക്കറ്റ്" ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
10. സർക്കാർ/അർദ്ധ സർക്കാർ/ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.**

അന്തിമ ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും നിലവിലുള്ള കോളേജുകളിൽ നിന്നും റ്റി.സി. വാങ്ങി നിർദ്ദിഷ്ട തീയതികളിൽ തന്നെ പുതിയ കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

കോളേജ് പ്രിൻസിപ്പൽമാർ പ്രോസ്പക്ടസിലെ 5 (b), 11.8 (b) എന്നീ ഖണ്ഡികകൾ പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമാണ് പ്രവേശനം നൽകേണ്ടത്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അടങ്ങുന്ന പ്രോസ്പക്ടസ് www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471- 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ- ഇൻ ചാർജ്ജ്**

തിരുവനന്തപുരം
28.11.2013